തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) :

(എ) ഉണ്ട്.

(ബി) സിനിമാ തീയേറ്ററുകളിൽ അഴിമതി നിരോധന വകുപ്പു മിന്നൽ പരിശോധന നടത്തുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള പരിശോധനയിൽ നികുതിവെട്ടിപ്പു സംബന്ധമായ പല കുറ്റങ്ങളും കണ്ടു പിടിക്കപ്പെടുന്നുണ്ട്. ഈ അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പഞ്ചായത്തുകൾക്ക് സംഭവിച്ചിട്ടുള്ള നഷ്ടം ഈടാക്കുന്നതിനും കുറ്റക്കാരായ തിയേറ്റർ ഉടമകളുടെയും അതുമായി ഏതെങ്കിലും പഞ്ചായത്തുദ്യോഗസ്ഥർ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പേരിലും നിയമാനുസൃതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കർഷകത്തൊഴിലാളികൾക്ക് നൽകേണ്ട പെൻഷൻ കുടിശ്ശിക

227 [398] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കുമാരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ
,, കെ. ഇ. ഇസ്മയിൽ :
,, കെ. റ്റി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-12-1985 വരെ കർഷക തൊഴിലാളികൾക്ക് നൽകേണ്ട പെൻഷന്റെ കുടിശ്ശിക എത്ര ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) 1985-86-ൽ ബഡ്ജറ്റിൽ കർഷക തൊഴിലാളി പെൻഷനു വേണ്ടി വകയിരുത്തിയ സംഖ്യ പൂർണ്ണമായി ചെലവാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഏകദേശം 2.7 കോടി രൂപ

ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

		രൂപ
തിരുവനന്തപുരം	—	17,68,230.00
കൊല്ലം	—	17,18,820.00
ആലപ്പുഴ	—	30,79,755.00
പത്തനംതിട്ട	—	10,81,215.00
കോട്ടയം	—	16,95,870.00
എറണാകുളം	—	17,93,610.00
തൃശ്ശൂർ	—	29,37,870.00
പാലക്കാട്	—	36,22,320.00
മലപ്പുറം	—	35'85,060.00
കോഴിക്കോട്	—	33,31,935.00
കണ്ണൂർ	—	23,49,810.00
		269,64,495.00

LIBRARY ARCHIVES Kerala Legislative Assembly

കാസർകോട്, ഇടുക്കി എന്നീ ജില്ലകളിൽ 31-12-1985 വരെയുള്ള കുടിശ്ശിക മുഴുവൻ നൽകിക്കഴിഞ്ഞു. വയനാട് ജില്ലയിൽ കുടിശ്ശിക 95% വരെയും നൽകിക്കഴിഞ്ഞു.

(ബി) 1985-86 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക മുഴുവൻ ഈ സാമ്പത്തിക വർഷത്തിൽ തന്നെ ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക

228 [399] ശ്രീ. സി. കെ. തങ്കപ്പൻ :
,, സി. ഹരി. കൃഷ്ണൻ :
,, ടി. കെ. ആറുമുഖൻ :
,, സി. കെ. ചക്രപാണി :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ജനുവരി 31 വരെ കർഷക തൊഴിലാളി പെൻഷൻ വകയിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക സംഖ്യ എത്ര ;

(ബി) ഈ കുടിശ്ശിക എന്നു കൊടുത്തു തീർക്കുമെന്നു പറയാമോ ;

(സി) 1984-85, 1985-86 എന്നീ വർഷങ്ങളിൽ എത്രപേർക്കു വീതം പെൻഷൻ നൽകി ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഏകദേശം 5 കോടി രൂപ.

(ബി) കുടിശ്ശിക വേഗം കൊടുത്തുതീർക്കുവാനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(സി) 1984-85, 1985-86 എന്നീ സാമ്പത്തിക വർഷങ്ങളിൽ പെൻഷൻ നൽകിയവരുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു. (7-3-1986 വരെ)

ജില്ല	1984-85	1985-86
തിരുവനന്തപുരം	17,124	17,469
കൊല്ലം	15,607	17,519
ആലപ്പുഴ	25,838	26,807
പത്തനംതിട്ട	8,148	10,561
കോട്ടയം	16,047	16,795
ഇടുക്കി	4,937	5,411
എറണാകുളം	17,373	17,373
തൃശ്ശൂർ	27,445	28,760
പാലക്കാട്	28,641	35,589
മലപ്പുറം	31.334	35,699
കോഴിക്കോട്	27,313	31,614
വയനാട്	4 915	5,236
കണ്ണൂർ	25 400	22,939
കാസർകോട്	ഇല്ല	5,216
ആകെ	2 50,116	2,76,988

LIBRARY ARCHIVES Kerala Legislative Assembly